## പതിമൂന്നാം കേരളനിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 777 — 28.09.2011-ലെ മറുപടിക്ക്

### കുഴൽമന്ദം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

| ചോദ്യം<br>ശ്രീ. എം. ചന്ദ്രൻ | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ആലത്തൂർ നിയോജകമണ്ഡല ത്തിൽപ്പെട്ട കുഴൽമന്ദം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വ്യക്തമാക്കാമോ ; | (എ) നിലവിലുള്ള കുഴൽമന്ദം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി 1985-ൽ കമ്മീഷൻ ചെയ്തതാണ്. ഈ പദ്ധതിയുടെ പമ്പിംഗ് മെയിനിന്റെ (6000 മീറ്റർ നീളത്തിൽ 150 എംഎം.എ.സി പൈപ്പ്) കാലപ്പഴക്കം കൊണ്ടും വ്യാസം കുറവായതുകൊണ്ടും പഞ്ചായത്തിലെ ജനങ്ങൾക്ക് വേണ്ടത്ര ജലം കൊടുക്കുവാൻ കഴിയില്ല. ആയതിനാൽ ഈ പമ്പിംഗ് മെയിൻ മാറ്റി 200 എം.എം. വ്യാസമുള്ള പുതിയ ഡി.ഐ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനായി 121 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.<br>കൂടാതെ കുഴൽമന്ദം, തേൻക്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കുവേണ്ടി 27.85 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് എസ്.എൽ.എസ്.എസ്.സി-യിൽ സമർപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് എസ്.എൽ.എസ്.എസ്.സി-യുടെ അംഗീകാരത്തിനായി സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ